**ആദരണീയനായ ബഹറിന് രാജാവ് ഹമദ് ബിന് ഈസാ അല് ഖലീഫ ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയില് എത്തുന്നു , ഫെബ്രുവരി 18-20, 2014)**

ഫെബ്രുവരി 14, 2014

ആദരണീയനായ ബഹറിന് രാജാവ് ഹമദ് ബിന് ഈസാ അല് ഖലീഫ ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയില് എത്തുന്നു . ഇന്ത്യയുടെ ബഹുമാന്യനായ രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്ജിയുടെ ക്ഷണം സ്വീകരിച്ചാണ് അദ്ദേഹം സന്ദര്ശനം നടത്തുന്നത്. ഫെബ്രുവരി 18 മുതല് 20 വരെ (ഫെബ്രുവരി 18-20, 2014 ) ആണ് സന്ദര്ശനം.

ഇന്ത്യയിലേക്കുള്ള തന്റെ ആദ്യ സന്ദര്ശനത്തില് ആദരണീയനായ ബഹറിന് രാജാവു ഹമദ് ബിന് ഈസാ അല് ഖലീഫ , ബഹുമാനപ്പെട്ട രാഷ്ട്രപതി, ഉപ രാഷ്ട്രപതി എന്നിവരുമായി കൂടിക്കാഴ്ച നടത്തും. ആദരണീയനായ പ്രധാനമന്ത്രിയെ ഡോ. മന്മോഹന് സിംഗുമായി അദ്ദേഹം പ്രതിനിധി തല ചര്ച്ചകള് നടത്തും അതില് ഉഭയകക്ഷി , മേഖലാ, ആഗോള വിഷയങ്ങള് ഉള്പ്പെടും.

ഇന്ത്യയും ബഹറിനും തമ്മില് വളരെ അടുപ്പമുള്ളതും സൌഹൃദം നിറഞ്ഞതുമായ ബന്ധം ആണുള്ളത് . പരസ്പരം താത്പര്യമുള്ള കാര്യങ്ങള് പങ്ക് വയ്ക്കല് , അന്യോന്യമുള്ള വിശ്വാസം , വിശേഷപ്പെട്ട തരത്തിലുള്ള ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് ഇതെല്ലാം അത് ശരിവയ്ക്കുന്നു.
എണ്ണ ഇതര ഉഭയകക്ഷി വ്യാപാരത്തില് ബഹറിന് ഇന്ത്യയുടെ പ്രധാന പങ്കാളിയാണ് . 2012-2013 ല് ഇത് 130 കോടി അമേരിക്കന്

ഡോളര് കവിഞ്ഞിരുന്നു. മൂന്നു ലക്ഷത്തി അന്പത്തിനായിരത്തില് അധികം ഇന്ത്യക്കാര് ബഹറിനില് ജോലി ചെയ്യുകയും ബഹറിന്റെ വികസനത്തിന് സംഭാവന നല്കുകയും ചെയ്യുന്നു . നമ്മുടെ മികവുള്ള ഉഭയകക്ഷി ഇടപാടുകളുടെ വികസനത്തിന് അവരുടെ അഭിനന്ദനാര്ഹമായ സംഭാവനകള് പ്രധാനപ്പെട്ട തൂണുകളാണ് . ഈ സന്ദര്ശനം നമ്മുടെ ഉഭയകക്ഷി ബന്ധങ്ങള്ക്ക് പുതിയ പ്രചോദനം നല്കുമെന്ന് പ്രതീക്ഷിക്കുന്നു. ഏഴു ദശലക്ഷം ഇന്ത്യക്കാര്ക്കു ആതിഥ്യമരുളുന്ന
ഗള്ഫിലും പശ്ചിമേഷ്യന് പ്രദേശങ്ങളിലും ഇന്ത്യക്ക് നിര്ണ്ണായകമായ ഓഹരികള് ഉണ്ട് . ഇന്ത്യക്ക് ആവശ്യമുള്ള എണ്ണയുടെ ഏകദേശം മൂന്നില് രണ്ടു ഭാഗത്തിന്റെ സ്രോതസ്സും നമ്മുടെ ആഗോള വ്യാപാരത്തിലെ 26 ശതമാനത്തിലധികം വ്യാപാരം സാധ്യമാക്കുന്നതും ഈ മേഖലയാണ് .

ന്യൂഡെല്ഹി
ഫെബ്രുവരി, 14, 2014